(ഡി) പണമനുവദിക്കുന്നതിന് ധനവകുപ്പിന് ഫയൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ വിഷയത്തിൻമേലുള്ള ആലപ്പുഴ കളക്ടറുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) 17-11-2009-ൽ ശ്രീ. എ. എം. ആരിഫ്, എം.എൽ.എ. സമർപ്പിച്ച നിവേദനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് 200 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. എന്നും തുറവൂർ സബ്സെന്ററിന് ഭൂമി ഏറ്റെടുക്കാൻ ബന്ധപ്പെട്ട വകുപ്പ് മുൻകൈ എടുത്താൽ പണം അനുവദിക്കുമെന്നും അറിയിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ സബ്സെന്ററിന് ഭൂമി ഏറ്റെടുക്കാൻ തുക അനുവദിക്കണമെന്ന് ധനവകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ധനവകുപ്പ് നിർദ്ദിഷ്ട ബഡ്ജറ്റ് ശീർഷകം ചൂണ്ടിക്കാണിക്കാൻ ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ എൽ. എ. ആർ കേസ്സുകൾക്കാണ് 2075-00-800-54,2075-00800-53 എന്നീ ശീർഷകങ്ങളിൽ നിന്നും തുക അനുവദിക്കുന്നതെന്ന് അറിയിക്കുകയുണ്ടായി ഉന്നത വിദ്യാഭ്യാസ വകുപ്പ് ശിപാർശ ചെയ്തതനുസരിച്ചുള്ള തീരുമാനമല്ല റവന്യൂ വകുപ്പിൽ നിന്നും ഉണ്ടായത് ഇതിൻമേൽ നടപടികൾ തുടരുകയാണ്.

(ഇ) ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമല്ല.

യു.ജി.സി./എ.ഐ.സി.റ്റി.ഇ. വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകർക്ക് വൺ റാങ്ക് വൺ പെൻഷൻ ഉത്തരവ്

105(784) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ജി.സി. സ്കീം സംബന്ധിച്ച് ജി.ഒ.(പി) നമ്പർ 58/2010/ ഹയർഎഡ്യു. തീയതി 27-3-2010-ലെ ഉത്തരവിൽ പെൻഷൻ/ഫാമിലി പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ യു. ജി. സി./എ. ഐ. സി. റ്റി. ഇ. വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകർക്കും ലഭ്യമാക്കുമെന്ന് വ്യക്തമാക്കിയിട്ടും വൺ റാങ്ക് വൺ പെൻഷൻ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പെൻഷൻ മാറ്റിവയ്ക്കപ്പെട്ട വേതനമായി അംഗീകരിക്കുന്നുണ്ടോ ; പെൻഷൻ ജീവനക്കാരുടെ അവകാശമാണെന്ന് അംഗീകരിക്കുന്ന സർക്കാർ, കോളേജ്/യൂണിവേഴ്സിറ്റി അദ്ധ്യാപകരുടെ പെൻഷൻ കാര്യം 6-ാം ശമ്പള കമ്മീഷന്റെ പരിഗണനയിൽ നിന്ന് ഒഴിവാക്കിയത് എന്തുകൊണ്ട് ; ഇതര വിഭാഗത്തിന് നൽകിയ ആനുകൂല്യം കോളേജ്/യൂണിവേഴ്സിറ്റി അദ്ധ്യാപകർക്കും 1-1-2006 മുതൽ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 1-1-2006 മുതൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന അദ്ധ്യാപകർക്കും, കോളേജ്/യൂണിവേഴ്സിറ്റി അദ്ധ്യാപർക്കും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന അദ്ധ്യാപകർക്കും ശമ്പള പരിഷ്കരണം നടപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി

106(795) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിന് വേണ്ടി പഠിക്കാൻ നിയോഗിച്ച കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതെന്നാണെന്ന് അറിയിക്കുമോ ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(സി) ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ നയപരമായ തീരുമാനം എന്തൊണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്തുതന്നെ ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 23-3-2008-ന് സമിതിയെ നിയോഗിച്ചു, ആ വർഷാവസാനം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) സ.ഉ. (സാധാ) 718/10/ഉ.വി.വ. തീയതി 6-4-2010 പ്രകാരം ഇന്ത്യൻ പോസ്റ്റൽ സർവ്വീസസിലെ ശ്രീ. സെയ്ദ് റഷീദിനെ കേരള ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

(സി&ഡി) റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

ലീപ് കേരളാ മിഷൻ പദ്ധതി

107 (798) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുടർവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായ ലീപ് കേരളാ മിഷൻ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് സ്വരൂപിച്ചിരിക്കുന്നത് എപ്രകാരമാണ് ?

LIBRARY ARCHIVES Kerala Legislative Assembly